TUESDAY 10-05-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/05/2022.

1. സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്ത വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ഇളവിനായി അപേക്ഷിക്കാനുള്ള തീയതി രണ്ട് വർഷത്തേക്ക് കൂടി നീട്ടിയതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. ഇടുക്കി, വയനാട് ഒഴികെ മറ്റെല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിൽ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ഓഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ടു ലക്ഷം രൂപ വരെയായിരുന്നു നിലവിൽ കടാശ്വാസം അനുവദിച്ചിരുന്നത്. മേൽ തീയതികൾ യഥാക്രമം രണ്ട് വർഷത്തേക്ക് കൂടി നീട്ടിയാണ് പുതിയ ഇളവ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇതുപ്രകാരം ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ഓഗസ്റ്റ് 31 വരെയുമുള്ള വായ്പ കൾക്ക് കടാശ്വാസകമ്മീഷൻ പരിധിയിൽ ഇളവിനായി അപേക്ഷിക്കാവുന്നതാണെന്ന് മന്ത്രി പറഞ്ഞു.

2. ചെറ്റച്ചൽ ഫാമിൽ നിന്നും 11-ാം തീയതി വിരിയുന്ന വനരാജ, ഗ്രാമപ്രിയ, ശ്രീനിധി എന്നീ കോഴിക്കുഞ്ഞുങ്ങൾ ഈ മാസം 11 (മെയ് 11) മുതൽ വിതരണത്തിന് തയ്യാറായിരിക്കുന്നു. പൂവനും പിടയും തരം തിരിക്കാത്ത കുഞ്ഞ് ഒന്നിന് 18 രൂപയാണ് വില. താത്പര്യമുള്ളവർ **9846443968, 8592085878, 9845491459, 9074617392** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി പഴയങ്ങാടി എം.കെ എഫ് എസ് അഗ്രോ സർവ്വീസ് സെന്ററിൽ നാടൻ രുചിയിൽ സുരക്ഷിത ഭക്ഷണ ഫുഡ് പാർക്ക് യന്ത്രവത്കൃത കാർഷിക സേവനം എന്നിവ ഇന്നു (മെയ് 10) മുതൽ പ്രവർത്തനം ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8289917524** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് മാസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 140 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

5. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ 2022 ലെ പാൽക്കാർഡിന് അപേക്ഷ നൽകിയിട്ടുള്ളതിൽ പാൽക്കാർഡ് ലഭിക്കാത്ത അപേക്ഷകർക്ക് പാൽക്കാർഡ് വിതരണം ഇന്നു മുതൽ (10.05.2022 മുതൽ) (13.05.2022) 13 വരെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണിവരെ നടത്തുന്നു. അപേക്ഷകർ റേഷൻ കാർഡ്, ടോക്കൺ എന്നിവ സഹിതം ഹാജരാകേണ്ടതാണ്. അവധി ദിവസങ്ങളിൽ മാത്രം പാൽ ആവശ്യമുള്ള അപേക്ഷകർക്ക് ഹോളിഡേ കാർഡ് വിതരണവും ഇതേ ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്.

6. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി സംസ്ഥാനത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണെന്ന് വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ സംസ്ഥാന കൃഷിവകുപ്പ് വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം വലിയശാല ഗവ.എൽ.പി.സ്കൂൾ അങ്കണത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഭക്ഷ്യ -സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ.അനിലിന്റെ അദ്ധ്യക്ഷതയിലായിരുന്നു ചടങ്ങുകൾ സംഘടിപ്പിക്കപ്പെട്ടത്. ഉത്പാദനം മുതൽ വിപണനം വരെയുള്ള പ്രക്രിയകൾക്ക് മുൻതൂക്കം നൽകുന്ന പ്രവർത്തനങ്ങളാണ് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് മന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. കൃഷി ലാഭകരമാ കണമെങ്കിൽ നൂതന സാങ്കേതിക വിദ്യകളുടെ സമന്വയം കൂടി പരമ്പരാഗത കൃഷി രീതിയിൽ ഉണ്ടാകണം. കാർഷികവൃത്തിയെ സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാറിനുള്ളതെന്നും മന്ത്രി വ്യക്തമാക്കി. കാർഷിക ഉത്പാദന രംഗത്ത് കഴിഞ്ഞ ആറു വർഷത്തെ ഇടപെടലുകൾ ഫലവത്തായിട്ടുള്ളതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ അഭിപ്രായപ്പെട്ടു. സർക്കാരിന്റെ സഹായ പദ്ധതികൾ മേഖലയ്ക്ക് പുത്തനുണർവ് പകർന്നിട്ടുണ്ട്. എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് കൊണ്ടുവരാനുള്ള ഉദ്യമമാണ് ഇപ്പോൾ സർക്കാർ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ പ്രചരണാർത്ഥം സെക്രട്ടറിയേറ്റിനു മുന്നിലും പാളയം, വികാസ്ഭവൻ എന്നീ കേന്ദ്രങ്ങളിലും ജില്ലാ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തെരുവുനാടകവും അരങ്ങേറുകയുണ്ടായി.

## പരിശീലന പരിപാടികൾ

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം മെയ് 17, 18 തീയതികളിൽ നടത്തുന്നു. **വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം** എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ **ക്ഷീരസംഘം ജീവനക്കാരുടെ സർവീസ് പുസ്തകം, അവധി - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9495445536** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. താൽപ്പര്യമുള്ളവർ iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം